# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.357 26.06.2012 ൽ മറുപടിയ്ക്ക്

## കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ


ചോദ്യം

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പാലോട് രവി

ശ്രീ.വർക്കല കഹാർ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്

ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി


| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുമോയെന്ന് പറയാമോ; | (എ) | കോഴിക്കോട് ജില്ലയിലെ ചേവായൂരിൽ ഒരു കമ്പ്യൂട്ടർവൽകൃത വാഹന പരിശോധന കേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ഇളവായൂരിൽ ഇത്തരം ഒരു കേന്ദ്രം ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. നടപ്പ് സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ കൂടി ഓരോ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നു. |
| (ബി) | എങ്കിൽ ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് പ്രാവർത്തികമാക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | കോഴിക്കോട്ടും കണ്ണൂരും പ്രസ്തുത കേന്ദ്രങ്ങൾ സ്ഥാപിച്ചത് കേരള സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ മുഖാന്തിരമാണ്. |
| (സി) | പ്രസ്തുത സ്റ്റേഷനുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (സി) | വാഹന പരിശോധന ശാസ്ത്രീയവും കൂടുതൽ കാര്യക്ഷമവുമാക്കുകയാണ് ലക്ഷ്യം |
| (ഡി) | ഇത് വ്യാപകമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | സ്ഥലവും ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഓരോ കമ്പ്യൂട്ടർവൽകൃത വാഹന പരിശോധന കേന്ദ്രം സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ